# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോയിപ്രം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.പിറ്റിഎ.പി8-476/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 23/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോയിപ്രം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.പിറ്റിഎ.പി8-476/22 തീയ്യതി: 23/05/2022

## പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ (25.4.2022 മുതൽ 6.5.2022 വരെ)
ശ്രീമതി സിന്ധുമോൾ വി എൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മോൻസി കിഴക്കേടത്ത് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി ആശ സി ജി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. മൈക്കൽ സി | സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീ. വിനോദ്കുമാർ റ്റി | സെക്രട്ടറി | 13-06-2020 | 30-06-2020 |
| ശ്രീമതി ലത സി | സെക്രട്ടറി | 01-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫ്രാൻസിസ് ജേക്കബ്ബ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 29-07-2020 |
| ശ്രീ. ലിജു ജോൺ കെ | അസിസ്റ്റന്റ് സെക്രട്ടറി | 30-07-2020 | 31-03-2021 |
| ശ്രീ. ഹരിലാൽ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ബിനോയ് കെ വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ബിബിൻ സാജൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 09-03-2021 |
| ഡോ. വിമിത മുരളി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 10-03-2021 | 31-03-2021 |
| ഡോ. മീരാ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ. മിനി ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സുരേഷ് കുമാർ പിള്ള | വെറ്ററിനറി സർജൻ | 01-04-2020 | 29-11-2020 |
| ഡോ.ജോർജ്ജ് വർഗ്ഗീസ് | വെറ്ററിനറി സർജൻ | 30-11-2020 | 02-03-2021 |
| ഡോ.സുരേഷ് കുമാർ പിള്ള | വെറ്ററിനറി സർജൻ | 03-03-2021 | 31-03-2021 |
| ശ്രീമതി സബിത വി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി ഉഷ കെ കെ | ഐ.സി.ഡി.എസ് | 01-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി ബിന്ദു എസ് എൻ | പ്രഥമാദ്ധ്യാപിക,ഗവ. മോഡൽ യു.പി.എസ്,പുല്ലാട് | 01-04-2020 | 31-03-2021 |
| ശ്രീമതി അജിതാദേവി പി | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 30-11-2020 |
| ശ്രീമതി വിദ്യ എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-12-2020 | 31-03-2021 |
| ശ്രീ.വിനോദ് വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2020 | 12-06-2020 |
| ശ്രീമതി ഷീന എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 13-06-2020 | 22-09-2020 |
| ശ്രീ. അരുൺ എ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 23-09-2020 | 12-03-2021 |
| ശ്രീമതി രമ്യമോൾ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 13-03-2021 | 31-03-2021 |
| ശ്രീമതി ഷീന എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2020 | 22-09-2020 |
| ശ്രീമതി രമ്യമോൾ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 23-09-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Shyju Y (Senior Grade Auditor, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 30-04-2022)<br>Last Updated By: Joe M James (Computer Assistant, On 18-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Arun S Nair (Asst. Audit Officer, On 30-04-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 30-04-2022)<br>Last Updated By: Joe M James (Computer Assistant, On 18-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-10 |
| 11 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: Shyju Y (Senior Grade Auditor, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-11 |
| 12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: SINDHUMOL V N (Auditor, On 03-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-12 |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ<br>Written By: SINDHUMOL V N (Auditor, On 03-05-2022)<br>Last Updated By: Joe M James (Computer Assistant, On 18-05-2022) | 1-13 |
| 14 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല<br>Written By: SINDHUMOL V N (Auditor, On 03-05-2022)<br>Last Updated By: Joe M James (Computer Assistant, On 18-05-2022) | 1-14 |
| 15 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- രേഖകൾ ലഭ്യമാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 03-05-2022)<br>Last Updated By: Joe M James (Computer Assistant, On 18-05-2022) | 1-15 |
| 16 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിലെ അപാകതകൾ<br>Written By: SINDHUMOL V N (Auditor, On 03-05-2022)<br>Last Updated By: Joe M James (Computer Assistant, On 18-05-2022) | 1-16 |
| 17 | സ്കോളർഷിപ്പ് – അർഹമായ നിരക്കിൽ തുക നൽകിയില്ല | 1-17 |

| | | |
|---|---|---|
| | Written By: SINDHUMOL V N (Auditor, On 03-05-2022)<br>Last Updated By: Joe M James (Computer Assistant, On 18-05-2022) | |
| 18 | അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യം അനിവാര്യം<br>Written By: SINDHUMOL V N (Auditor, On 03-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-18 |
| 19 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല<br>Written By: Shyju Y (Senior Grade Auditor, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-19 |
| 20 | ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ട്- അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-20 |
| 21 | തരിശ് ഭൂമിയിൽ നെൽകൃഷി- സുഭിക്ഷം കേരള പദ്ധതി- അപാകങ്ങൾ<br>Written By: Shyju Y (Senior Grade Auditor, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-21 |
| 22 | എ.ബി.സി.പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 03-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-22 |
| 23 | വാഹന റിപ്പയറിംഗ് - നടപടി ക്രമങ്ങൾ പാലിച്ചില്ല<br>Written By: Shyju Y (Senior Grade Auditor, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-23 |
| 24 | മീറ്ററിംഗ് നടപടികൾ പൂർത്തീകരിച്ചില്ല- ലക്ഷങ്ങളുടെ വരുമാന നഷ്ടം<br>Written By: Shyju Y (Senior Grade Auditor, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-24 |
| 25 | തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി- സുഭിക്ഷം കേരള പദ്ധതി- അപാകങ്ങൾ<br>Written By: Shyju Y (Senior Grade Auditor, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-25 |
| 26 | പ്രളയ ബാധിതവർക്ക് ലഭിച്ച ഫണ്ട് ലാപ്സാക്കി<br>Written By: Arun S Nair (Asst. Audit Officer, On 04-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-26 |
| 27 | അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Arun S Nair (Asst. Audit Officer, On 04-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-27 |
| 28 | ലൈഫ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റി ; പണി പൂർത്തീകരിച്ചില്ല<br>Written By: Arun S Nair (Asst. Audit Officer, On 04-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-28 |
| 29 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതികൾ അനിയന്ത്രിതമായും അലക്ഷ്യമായും നടപ്പാക്കുന്നു<br>Written By: Arun S Nair (Asst. Audit Officer, On 04-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-29 |
| 30 | ആലുംതറ ഓഡിറ്റോറിയം ഫർണ്ണീച്ചർ വാങ്ങൽ പ്രോജക്ട് നടത്തിപ്പിലെ അപാകത<br>Written By: Arun S Nair (Asst. Audit Officer, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-30 |
| 31 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Arun S Nair (Asst. Audit Officer, On 04-05-2022)<br>Last Updated By: Joe M James (Computer Assistant, On 18-05-2022) | 1-31 |
| 32 | പി.എച്ച്.സി-യ്ക്ക് ബോർവെൽ - പ്രോജക്ട് നടപ്പിലാക്കിയില്ല<br>Written By: Arun S Nair (Asst. Audit Officer, On 06-05-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 1-32 |

## ഭാഗം **2**

--- No Records Found ---

## ഭാഗം **3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 30-04-2022)<br>Last Updated By: Joe M James (Computer Assistant, On 13-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-04-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-04-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 06-05-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള്<br>Written By: Arun S Nair (Asst. Audit Officer, On 26-04-2022)<br>Last Updated By: Joe M James (Computer Assistant, On 23-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

11384523/- രൂപ മുന്നിരിപ്പും 172333500/- രൂപ വരവും 173623500/- രൂപ ചെലവും 10094523/-രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 27.3.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.3.2021-ലെ II-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ B3- ദുരിതാശ്വാസനിധി വരവുചെലവ് കണക്കുകൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായി ഷെഡ്യൂൾ I 6- ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സ്ഥിര ആസ്തികൾ സൃഷ്ടിച്ചപ്പോൾ ആയത് Capital Head -ൽ അക്കൗണ്ട് ചെയ്തില്ല.

3) ഷെഡ്യൂൾ B4- ICDS ഇനത്തിൽ കാണിച്ചിരിക്കുന്ന തുകയിൽ മുൻബാക്കിയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ തൻവർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത അംഗീകരിക്കാനാവില്ല.

4) ഷെഡ്യൂൾ B4- Grant From Suchitwa Mission ഇനത്തിൽ (Code No- 320200322) 2899071 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. മുൻ വർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ തൻവർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത അംഗീകരിക്കാനാവില്ല.

5)ഷെഡ്യൂൾ B-7: ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. Rent Deposit സംബന്ധമായ യാതൊരു വിവരങ്ങളും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി ഹെഡ്ഡിൽ കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്നില്ല.

6)ഷെഡ്യൂൾ B-9:- Geneal Provident Fund, KPEPF ഇനങ്ങളിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുകകൾ യഥാർത്ഥ അടവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7)ഷെഡ്യൂൾ B-9: HBA,VAT ഇനങ്ങളിൽ മുൻ വർഷത്തെ തുക തന്നെയാണ് തൻവർഷവും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. തെറ്റായ വിവരമാണെങ്കിൽ ആയത് അക്കൗണ്ട്സിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

8)ഷെഡ്യൂൾ B-12: ഗ്രാമപഞ്ചായത്തിൽ 4 സ്ഥിരനിക്ഷേപങ്ങൾ നിവിലുണ്ടെങ്കിലും നീക്കിബാക്കി വിവരങ്ങൾ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10) ഷെഡ്യൂൾ B-15:-വാടക – തൻ വർഷം, കുടിശ്ശിക ഇനങ്ങളിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇത് ഏത് വാടകക്കാരനിൽ നിന്നും ഈടാക്കാനുള്ള തുകയാണെന്ന് ബോധ്യപ്പെടുന്നില്ല.

11) ഷെഡ്യൂൾ B-18:- Advance To KWA, Advance To KSEB ,Advance To Others വൻതുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റി പ്രസ്തുത ഷെഡ്യൂൾ ഇനങ്ങൾ കൃത്യമാക്കേണ്ടതാണ്.

12) ഷെഡ്യൂൾ I-3:- വാടക ഇനത്തിൽ ഡിമാന്റായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലേല ഇനത്തിലുള്ള ഡിമാന്റ് തുകയും ടി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

13) ഷെഡ്യൂൾ RP-29: പഞ്ചായത്ത് ദുരിതാശ്വാസ നിധി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിലെ വരവ്, ചെലവ് ,നീക്കിബാക്കി തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

14) ഷെഡ്യൂൾ RP-43:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക എന്നീ ഇനങ്ങളിലെ വരവ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28394508 |
| വരവ് | 93480611 |
| ആകെ | 121875119 |
| ചെലവ് | 99105601 |
| നീക്കിയിരിപ്പ് | 22769518 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ട്രഷറി ക്യൂബിൽ | ലാപ്സായത്/നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17826250 | 17826250 | 17797878 | 0 | 28372 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10854000 | 10854000 | 7842994 | 0 | 3011006 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 256000 | 256000 | 146000 | 0 | 110000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 5520000 | 5520000 | 3537346 | 0 | 1982654 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 9576708 | 9576708 | 7554372 | 0 | 2022336 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11116000 | 11116000 | 11006231 | 0 | 109769 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4588000 | 4588000 | 3762263 | 0 | 825737 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ശുചിത്വ മിഷൻ | 1665384 | 3174181 | 4839565 | 1944494 | ---- | 2895071 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| MGNREGS | 283 | 581219 | 581502 | 579961 | ---- | 1541 |
| TSC | | | | | | |
| ഐ.സി.ഡി.എസ് | 334152 | 778664 | 1112816 | 500000 | ---- | 612816 |
| മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ | | | | | | |
| ലൈബ്രറി ഗ്രാന്റ് | 2661 | 11979 | 14640 | 14140 | ----- | 500 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കിയ തുകയായ 1182600 രൂപ (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (ജനറൽ) വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വോട്ടിംഗ് മെഷീനുള്ള തുകയായ 46404/- രൂപ (സ്രോതസ്സിൽ നിന്നും കുറച്ചത്) റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | നടപ്പാക്കാത്തവ | ചെലവ് |
|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | (എണ്ണം) | ശതമാനം |
|---|---|---|---|---|---|
| 261 | 118182798 | 198 | 73390310 | 63 | 62.10 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 27 | 13116979 | 10815874 | 82.47 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 2921600 | 1571393 | 53.78 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 146 | 111 | 48405127 | 32075107 | 66.26 |
| കൃഷി ഓഫീസർ | 13 | 13 | 9482520 | 9482520 | 100.00 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 18 | 31383605 | 11230132 | 35.78 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6 | 4720510 | 3013586 | 63.84 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 8 | 3 | 2210000 | 973372 | 44.04 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 591000 | 585901 | 99.14 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 1 | 243287 | 143287 | 58.90 |
| വെറ്ററിനറി സർജൻ | 9 | 6 | 1390750 | 785050 | 56.45 |
| പ്രഥമാധ്യാപിക, ജി.എം.യു.പി.എസ് | 4 | 4 | 2510600 | 2220000 | 88.42 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 684820 | 494088 | 72.15 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 522000 | 0 | 0.00 |
| ആകെ | 261 | 198 | 118182798 | 73390310 | 62.10 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 283 | 581219 | 581502 | 579961 | 1541 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12781203 | 12781203 | 12781203 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കി-യവർക്ക് നൽകിയ ബോണസ് തുക | 0 | 130000 | 130000 | 130000 | 0 |
| ആകെ | 283 | 13492422 | 13492705 | 13491164 | 1541 |

## 1-7 ക്ഷേമപദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *വാർഷികകണക്ക് പ്രകാരം* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2228 | 31521000 |
| വിധവാ പെൻഷൻ | 930 | 14751200 |
| കർഷക തൊഴിലാളി പെൻഷൻ | 145 | 2236000 |

| | | |
|---|---|---|
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 286 | 4295900 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 23 | 328400 |
| തൊഴിൽ രഹിത വേതനം | 3 | 4080 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.4.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18298/- രൂപ (പതിനെണ്ണായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

മാന്വൽ രസീതുകൾ ഉപയോഗിക്കുന്ന കാര്യത്തിൽ ജീവനക്കാർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സാക്ഷ്യപ്പെടുത്താതെയാണ് മിക്ക ബുക്കുകളും ഉപയോഗിച്ചിട്ടുള്ളത്. രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ മുൻ മാസത്തെ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത് മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുന്നതിനോ ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിക്കോ വേണ്ട ചർച്ചകളില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സാമൂഹ്യ സുരക്ഷ പെൻഷൻ സംബന്ധിച്ച വിഷയങ്ങൾ മാത്രമാണ് ചർച്ച ചെയ്യപ്പെടുന്നത്.

തൊഴിൽ നികുതി രജിസ്റ്റർ, വാടക രജിസ്റ്ററർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നവയിൽ കൃത്യമായി ഡി.സി.ബി/ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങൾ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. കംപ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി. ഏർപ്പെടുത്താതിരിക്കുന്നത് ഗുരുതരമായ കുറ്റമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.11.2012 | 2011-12 | 11.12.2013 |
| പെർഫോമൻസ് ഓഡിറ്റ് | 9.3.2022 മുതൽ 11.3.2022 വരെ | 4/2021 മുതൽ 12/2021 വരെ | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

## 1-11 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

കുർത്തമല മാർത്തോമ്മാ പള്ളി വക ഓഡിറ്റോറിയത്തിന് (സർവ്വെ നം- 423/1, 421/16-1,421/17) നമ്പരിട്ട് നൽകുന്നതിന് ഹാജരാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 1593.17 ച.മീറ്ററാണ്. എന്നാൽ വസ്തുനികുതി നിശ്ചയിച്ച് നൽകിയത് 1393.22 ച.മീറ്റർ കെട്ടിടത്തിന് മാത്രമാണ്. ഓഡിറ്റോറിയങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തു നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 30 രൂപയാണ്.

വസ്തുനികുതി നിർണ്ണയത്തിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ വിവരങ്ങൾ | ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച വസ്തു നികുതി | ഗ്രാമപഞ്ചായത്ത് നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| | | നികുതി | |
| ട്രസ്റ്റി കുർത്തമല മാർത്തോമ്മാ പള്ളി (കെട്ടിട നമ്പർ - 10/1003) | 1393.17 X 30 = 41796 | 1593.17 X 30 = 47795 | 5999 |

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നം-26/20-21 തീയതി 04-05-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വാർഷിക വസ്തുനികുതി നിർണ്ണയിച്ചതിലുണ്ടായ വ്യത്യാസം 5999 രൂപയാണ്. അപാകത പരിഹരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 232 വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമായി.

1.റേഷൻ റീട്ടെയിൽ ഷോപ്പ് - 17 എണ്ണം
2.ക്ഷീരോൽപ്പാദക സഹകരണ സംഘം -4 എണ്ണം
3.അക്ഷയ കേന്ദ്രങ്ങൾ – 3 എണ്ണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുസൃതമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽനിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നീ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്

ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, കടപ്ര | I&II |
| 2 | പോസ്റ്റ് ഓഫീസ്, കുന്നത്തുകര | I |
| 3 | ഗ്രേയ്സ്മൗണ്ട് റസിഡൻഷ്യൽ സ്കൂൾ, കുമ്പനാട് | II |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, മുട്ടുമൺ | I&II |
| 5 | പുല്ലാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.1375 | I |
| 6 | പുല്ലാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.195 | I &II |
| 7 | പോസ്റ്റ് ഓഫീസ്, വരയന്നൂർ | II |
| 8 | തിരുവല്ല ഈസ്ററ് കോ-ഓപ്പറേറ്റീവ് ബാങ്ക് , കോയിപ്രം | I |
| 9 | ഡി.ഡി.ആർ.സി,കുമ്പനാട് | I |
| 10 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ് , പുല്ലാട് | II |
| 11 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ്, കുമ്പനാട് | I |
| 12 | കെ.എസ്.എഫ്.ഇ, പുല്ലാട് | I |
| 13 | കാത്തലിക്ക് സിറിയൻ ബാങ്ക് , കുമ്പനാട് | I |
| 14 | പഞ്ചാബ് നാഷണൽ ബാങ്ക്, കുമ്പനാട് | II |
| 15 | ഇ.എ.എൽ.പി.എസ്, നെല്ലിമല | I |
| 16 | കളമ്പാട്ട് ഗോൾഡ് ലോൺ, പുല്ലാട് | I&II |
| 17 | ജെ.എം.ജെ.ഫിനാൻസ് ,കുമ്പനാട് | I&II |
| 18 | ട്രാവൻകൂർ യമഹാ മോട്ടോർസ് | I |
| 19 | സുസുകി ഷോ റൂം, പുല്ലാട് | I&II |
| 20 | ചേതക് മോട്ടോർസ്, കുമ്പനാട് | I |
| 21 | യമഹാ ഷോ റൂം, മുട്ടുമൺ- | I&II |

2.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | പുല്ലാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.1375 | I |
| 2 | പുല്ലാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.195 | I&II |
| 3 | കാത്തലിക്ക് സിറിയൻ ബാങ്ക് , കുമ്പനാട് | I |
| 4 | പഞ്ചാബ് നാഷണൽ ബാങ്ക്, കുമ്പനാട് | II |
| 5 | തിരുവല്ല ഈസ്ററ് കോ-ഓപ്പറേറ്റീവ് ബാങ്ക് , കോയിപ്രം | I |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, മുട്ടുമൺ | I&II |
| 7 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ് , പുല്ലാട് | II |
| 8 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ്, കുമ്പനാട് | I |
| 9 | കെ.എസ്.എഫ്.ഇ, പുല്ലാട് | I |
| 10 | കളമ്പാട്ട് ഗോൾഡ് ലോൺ, പുല്ലാട് | I&II |

| | | |
|---|---|---|
| 11 | ജെ.എം.ജെ.ഫിനാൻസ് ,കുമ്പനാട് | I&II |

3.ഗ്രാമപഞ്ചായത്തിൽ നിന്നും 2020-21 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | മാടോലിൽ ഫ്യുവൽസ് | 8 |
| 2 | മഡോണ മാർബിൾസ് & ഗ്രാനൈറ്റ്സ് | 4 |
| 3 | വിക്ടോറിയ ഇൻഡസ്ട്രീസ് | 6 |
| 4 | വാലറ്റ് എക്സ്പ്രസ് | 3 |
| 5 | പൈൻ & പില്ലാർ | 7 |
| 6 | ചുങ്കത്തിൽ ഏജൻസീസ് | 4 |
| 7 | നാഷണൽ സിമന്റ് പ്രൊഡക്ട് | 9 |
| 8 | പ്ലാംതോട്ടത്തിൽ ഹോളോബ്രിക്സ് | 4 |
| 9 | ബേത്ത് യഹൂദാ ആർട്ടെറ്റിസ് & സ്പൈൻ സെന്റർ | 5 |

4.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയി ല്ല.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. വിജയൻ സി.ആർ

2. മാത്യു കെ.ചാക്കോ

3. എബ്രഹാം എം.ജെ

4. മാത്യു പി.ജേക്കബ്

5. ഹരിഹരൻ എം

6. സക്കറിയ തോമസ്

7.ബിജു തോമസ് ജോൺ

8. ബിജു മാത്യു

9. ജേക്കബ് കുര്യൻ

10.സജു എബി മാത്യു

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും അല്ലാത്തപക്ഷം അവരിൽ നിന്ന് ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന തനത് നികുതി വരുമാനങ്ങളിലൊന്നാണ് തൊഴിൽനികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട തുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്.ഇതേ അപാകതകൾ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നതാണ്. പ്രസ്തുത അപാകതകൾ വീണ്ടും ആവർത്തിക്കപ്പെടുന്നത് ഗൗരവകരമായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം.& | SO140/21 പി.എച്ച്.സിയ്ക്ക് മരുന്ന് |

| | |
|---|---|
| പേര് | വാങ്ങൽ |
| വകയിരുത്തിയ തുക | 400000 രൂപ മെയിന്റനൻസ് ഫണ്ട് ( റോഡിതരം) |
| ചെലവായ തുക | 400000 രൂപ |
| ബിൽ നം./തീയതി | 2005095201350102434 3 2/2/2021 |
| ലഭിച്ച മരുന്നുകളുടെ വിവരം | 402 22/6/21 126389 രൂപ<br>2623 22/6/21 90143 രൂപ<br>2764 24/6/21 74758 രൂപ<br>9252 18/11/21 77681 രൂപ<br>ആകെ 368971 രൂപ |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില | 31029 രൂപ |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതി പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ. ന് 400000 രൂപ മുൻകൂറായി നൽകിയെങ്കിലും 368971 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 15/27.04 /2022) മറുപടിയായി, അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഹോമിയോ ഡിസ്പെൻസറിയ്ക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് & നം. | SO103/21ഹോമിയോ ഡിസ്പെൻസറിയ്ക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 143287 രൂപ മെയിന്റനൻസ് ഫണ്ട് ( റോഡിതരം) |
| ചെലവ് തുക | 143287 രൂപ |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ ഹോമിയോ ഡിസ്പെൻസറിക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയുടെ ഭാഗമായി കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 143287 രൂപ മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം)നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതി പ്രകാരം അടവാക്കിയ തുകയുടെ ട്രഷറി ബിൽ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ ടാക്സ് ഇൻവോയിസ് എന്നിവയുടെ വിവരം ഫയലിൽ ലഭ്യമാക്കിയില്ല. 24/04/2021 ൽ പ്രിന്റർ , 24/09/2021 ൽ 2കമ്പ്യൂട്ടർ , 5/1/2021 ൽ കമ്പ്യൂട്ടർ എന്നിവ കെൽട്രോണിൽ നിന്നും ലഭ്യമായതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ 2കമ്പ്യൂട്ടറുകൾ (Acer 1 , HP 1) പ്രിന്റർ നിലവിൽ പ്രവർത്തിക്കുന്നതായും , ഒരു കംപ്യൂട്ടർ (Acer ) ഉപയോഗിയ്ക്കാത്ത അവസ്ഥയിലുമാണ് എന്ന് ബോദ്ധ്യപ്പെട്ടു. പദ്ധതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (നം. 17-27.04.2022, നം.24-30.4.2022) മറുപടി ലഭ്യമാക്കിയില്ല. ഹോമിയോ ആശുപത്രിക്ക് കംപ്യൂട്ടറുകളുടെ ആവശ്യം (എണ്ണം സഹിതം) കണക്കിലെടുക്കാതെയാണ് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. കംപ്യൂട്ടർ ഉപയോഗിക്കാതിരുന്നതുമൂലം ആയതിന്റെ വാറന്റിയും നഷ്ടപ്പെട്ടിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തതിനാൽ 143287 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് & നമ്പർ | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>S0125/21 |
| അടങ്കൽ തുക | 265740 രൂപ (വികസന ഫണ്ട്)<br>419080 രൂപ ( തനതുഫണ്ട് )<br>ആകെ 684820 രൂപ |

| | |
|---|---|
| ചെലവ് തുക | 265740 രൂപ (വികസന ഫണ്ട്)<br>ബിൽ നം. 20050952015301148799 തീയതി *25-2-21*<br>228348 രൂപ (തനതുഫണ്ട് )<br>ബിൽ നം.2885253 തീയതി 13-3-21 139829 രൂപ<br>ബിൽ നം.2885255 തീയതി 20-3-21 74247 രൂപ<br>ബിൽ നം.2885257 തീയതി 26-3-21 14272 രൂപ<br>ആകെ 494088 രൂപ |

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായ സബ്സിഡിയിൽ അധികമായി തുക അനുവദിച്ച് നൽകി. ഒരു ലിറ്റർ പാലിന് ഗ്രാമപഞ്ചായത്ത് വിഹിതമായ മൂന്നുരൂപയും ക്ഷീരവികസന വകുപ്പിന്റെ വിഹിതമായ ഒരു രൂപയും ചേർത്ത് നാലുരൂപ തോതിൽ കണക്കാക്കി കർഷകന്റെ അക്കൗണ്ടിലേക്ക് തുക നൽകണമെന്നാണ് 14.02.2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.22/2018/തസ്വഭവ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഒരു ലിറ്റർ പാലിന് നാല് രൂപ വീതം പഞ്ചായത്ത് വിഹിതത്തിൽനിന്നുമാണ് കോയിപ്രം, പുല്ലാട്, കുമ്പനാട്, പൂവത്തൂര് , ഓതറ ഈസ്റ്റ് എന്നീ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ കർഷകർക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ മാത്രമാണ് കർഷകർക്ക് സബ്സിഡി നൽകിയത്. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം സബ്സിഡി നൽകുന്നതിനും, സാമ്പത്തിക വർഷം മുഴുവനും കർഷകർക്ക് ആനുകൂല്യം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 സ്കോളർഷിപ്പ് – അർഹമായ നിരക്കിൽ തുക നൽകിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം.& പേര് | S0138/21<br>ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| വകയിരുത്തിയ തുക | 400000 വികസന ഫണ്ട് ( ജനറൽ)<br>200000 ബ്ളോക്ക് പഞ്ചായത്ത് വിഹിതം<br>500000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവായ തുക | 400000 വികസന ഫണ്ട് ( ജനറൽ<br>150000 ബ്ളോക്ക് പഞ്ചായത്ത് വിഹിതം |

ഐ.സിഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 സാമ്പത്തിക വർഷം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി വികസനഫണ്ട് (400000), ബ്ലോക്ക് പഞ്ചായത്ത് വിഹിതം (200000), ജില്ലാപഞ്ചായത്ത് വിഹിതം (500000) എന്നിവ ഉൾപ്പെടെ 1100000 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചെങ്കിലും വികസനഫണ്ട് 400000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 150000 രൂപയും മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചത്. ജില്ലാ പഞ്ചായത്തിന്റെ വിഹിതമായ 500000 രൂപ വകയിരുത്തിയെങ്കിലും ടി തുക ചെലവഴിച്ചില്ല. വകയിരുത്തിയ തുക യഥാസമയം ലഭ്യമാക്കി ചെലവഴിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകുന്നതിന് സാധിച്ചില്ല. മാനസിക വെല്ലുവിളി നേരിടുന്ന 29 വിദ്യാർത്ഥികൾക്കും ശാരീരിക വെല്ലുവിളി നേരിടുന്ന 12 വിദ്യാർത്ഥികൾക്കുമാണ്പദ്ധതി പ്രകാരം സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം 28500 രൂപ വരെയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്റ്റാൻഡേർഡിനെ അടിസ്ഥാനപ്പെടുത്തി ഒരു വർഷം 6500 രൂപ മുതൽ 19500 രൂപ വരെയും ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 16600രൂപയും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 6000 രൂപയുമാണ് നൽകിയിട്ടുള്ളത്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം എന്ന നിലയിൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചുകൊണ്ട് വകയിരുത്തുന്ന തുക പൂർണ്ണമായി ചെലവഴിച്ച് പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിന് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-18 അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യം അനിവാര്യം

ഗ്രാമപഞ്ചായത്തിൽ ആകെ 27 അങ്കണവാടികളുണ്ട്. അതിൽ 6 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 16 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 5എണ്ണം വാടകരഹിതമായി പ്രവർത്തിക്കുന്നു. 27 അങ്കണവാടികളിലും വൈദ്യുതി, കുടിവെള്ളം, ഗ്യാസ് കണക്ഷൻ, ടോയ്‌ലറ്റ്, ടി.വി, ഫാൻ, ഫർണിച്ചറുകൾ, പാത്രങ്ങൾ എന്നിവയുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനും വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക (വകുപ്പ് നൽകുന്നതിൽ കൂടുതലായി ചെലവാകുന്ന തുക) ലഭ്യമാക്കുന്നതിനും, ചുറ്റമതിലില്ലാത്ത കെട്ടിടങ്ങൾക്ക് ചുറ്റമതിൽ നിർമ്മിക്കുന്നതിനും, എല്ലാ അങ്കണവാടികൾക്കും ശിശു സൗഹൃദ ടോയ്‌ലറ്റ്, ശിശുസൗഹൃദ പെയിന്റിംഗ് എന്നിവ ലഭ്യമാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

3 അങ്കണവാടികൾക്ക് (നം. 98, 134 , 117നം.)കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കുന്നതിന് സാധ്യതയുള്ളതായി ഐ.സിഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിനും, അടിസ്ഥാന സൗകര്യമില്ലാത്ത അങ്കണവാടികൾക്ക് സൗകര്യം ഒരുക്കുന്നതിനും ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-19 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 മുതലുള്ള നിക്ഷേപ തുകകൾ റീഫണ്ട് ചെയ്യുകയോ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്യാതെ അവശേഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6),2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 എന്നിവ പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 2015-16 മുതൽ 2017-18 വരെയുള്ള കാലയളവിലെ 44 നിക്ഷേപങ്ങളിലായി ഇപ്രകാരം 123193 രൂപയാണ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാതെ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2015-16 | 3 | 23000 |
| 2016-17 | 30 | 76893 |
| 2017-18 | 11 | 23300 |
| ആകെ | 44 | 123193 |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച്, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ 3 വർഷം കാലാവധി തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണന്നും പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ പാലിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു.

മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ പൂർണ്ണമായി തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി, ബാക്കി വർഷങ്ങളിലെ നിക്ഷേപ തുകകൾ 2021-22 വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്നതിനായി ഭരണസമിതി തീരുമാനമെടുത്ത് നടപടികൾ സ്വീകരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ട്- അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ട് (187/20-21) |
| വകയിരുത്തിയ തുക | 431600 രൂപ (വികസന ഫണ്ട്)<br>100000 രൂപ (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 431600രൂപ (വികസന ഫണ്ട്)<br>ബിൽ നമ്പർ 2/29-05-2020- 431600 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | അസ്സിസ്റ്റന്റ് സെക്രട്ടറി |

സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ന്യായവിലയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രോജക്ടാണിത്.

ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനായി 431600 രൂപ കുടുംബശ്രീക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെലവിന്റെ വിശദാംശം | തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ | തുക |
|---|---|---|---|
| 1 | ജനകീയ ഹോട്ടൽ ആരംഭിക്കുന്നതി- നായി കെട്ടിടം വാടകയ്ക്ക് എടുത്തതിന് നൽകിയ ഡെപ്പോസിറ്റ് തുക | സുന്ദര മാത്യു ടൈറ്റസ് പാറക്കൽ ഹൗസ് കുമ്പനാട് | 100000 രൂപ |
| 2 | പാചക പാത്രങ്ങൾ, ഭക്ഷണവിതരണ പാത്രങ്ങൾ, മറ്റ് സാധന സാമഗ്രികൾ എന്നിവ വാങ്ങിയതിന് നൽകിയ തുക | സജിത് .സി.കെ പട്ടത്താനം വീട് കോഴിക്കോട് | 200000 രൂപ |
| 3 | കെട്ടിടത്തിന്റെ വാടക, കറന്റ് ചാർജ്ജ്, സ്റ്റേഷനറി സാധനങ്ങൾ എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുക | - | 104513 രൂപ |
| | | ആകെ | 404513 രൂപ |

തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയെ സംബന്ധിക്കുന്ന മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ) നം-45/2020/ത.സ്വ.ഭ.വ തീയതി 06-03-2020) പ്രഥമ പരിഗണ നൽകിയ പദ്ധതിയാണ് വിശപ്പുരഹിത കേരളം. ഇതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ നിന്നും വികസന ഫണ്ടിനത്തിൽ 431600 രൂപ കുടുംബശ്രീക്ക് ലഭ്യമാക്കിയെങ്കിലും 404513 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 27087 രൂപ അവശേഷിക്കുന്നു.

2) പന്ത്രണ്ടിന പരിപാടിയെ സംബന്ധിക്കുന്ന മാർഗ്ഗരേഖയിലെ ഖണ്ഡിക 1-4 പ്രകാരം പാചക പാത്രങ്ങൾ , ഭക്ഷണ വിതരണ പാത്രങ്ങൾ, ഇതര ഉപകരണങ്ങൾ എന്നിവ കുടുംബശ്രീയാണ് ലഭ്യമാക്കുന്നതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇവയുടെ വാങ്ങൽ നടത്തിയുള്ളത് വികസന ഫണ്ട് വിനിയോഗിച്ചാണ്.

3) ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് ഡെപ്പോസിറ്റ് നൽകുന്നതിന് വികസന ഫണ്ട് വിനിയോഗിക്കുന്നത് പന്ത്രണ്ടിന പരിപാടിയെ സംബന്ധിക്കുന്ന മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല.

4) കുടുംബശ്രീ ജനകീയ ഹോട്ടലുകളുടെ പ്രവർത്തന കണക്കുകൾ പ്രതിമാസം ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ പ്രവർത്തന ചുമതലയുള്ള കുടംബശ്രീ ബ്ലോക്ക് കോ- ഓർഡിനേറ്റർ, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ് , സി.ഡി.എസ് അക്കൗണ്ടന്റ്, എം.ഇ ഉപസമിതി കൺവീനർ എന്നിവർ ചേർന്നാണ്. ഇപ്രകാരം ജനകീയ ഹോട്ടലിന്റെ പ്രവർത്തനം പരിശോധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ ജനകീയ ഹോട്ടലിന്റെ പ്രവർത്തനം സംബന്ധിച്ച ഒരു തുടർ പരിശോധന സാധ്യമായിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-9/20-21 തീയതി 27-04-2022) ലഭ്യമാക്കിയ മറുപടിയിൽ അവശേഷിക്കുന്ന ഫണ്ട് ജനകീയ ഹോട്ടലിന്റെ തുടർന്നുള്ള ചെലവുകൾക്ക് വിനിയോഗിക്കുമെന്നാണ് അറിയിച്ചത്. പാചകവുമായി ബന്ധപ്പെട്ട പാത്രങ്ങൾ ലഭ്യമാക്കുന്നതിനായി വികസന ഫണ്ട് വിനിയോഗിച്ചുവെങ്കിലും പ്രസ്തുത തുക കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ജനകീയ ഹോട്ടലിന്റെ വരവ് - ചെലവ് കണക്കുകൾ മോണിട്ടറിംഗ് സമിതി പരിശോധിക്കേണ്ടതും ഒരു സമഗ്രമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 തരിശ് ഭൂമിയിൽ നെൽകൃഷി- സുഭിക്ഷം കേരള പദ്ധതി- അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | തരിശ് ഭൂമിയിൽ നെൽകൃഷി- സുഭിക്ഷം കേരള പദ്ധതി (210/20-21) |
| വകയിരുത്തിയ തുക | 350000 രൂപ (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ബിൽ നമ്പർ 23 /12-03-2021 – 350000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രോജക്ട് പ്രകാരം തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്യു ഇനത്തിൽ 7 കർഷകർക്ക് 350000 രൂപ ചുവടെ പറയും പ്രകാരം

നൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക |
|---|---|---|
| 1 | ശാന്തകുമാരൻ, അഴകേടത്ത് ഹൗസ്, കോയിപ്രം | 70000 |
| 2 | റെജി, പുത്തൻപറമ്പിൽ പടിഞ്ഞാറ്റേതിൽ, പൂവത്തൂർ.പി.ഒ | 70000 |
| 3 | പ്രസന്ന കുമാർ, അനശ്രീ ഹൗസ്, കോയിപ്രം | 52500 |
| 4 | സുരേഷ് കുമാർ.കെ.വി, നടുവിലേത്ത് ഹൗസ്, കോയിപ്രം | 52500 |
| 5 | അനിൽ കുമാർ.റ്റി.വി, പള്ളികിഴക്കേതിൽ ഹൗസ്, പുല്ലാട് | 52500 |
| 6 | ശശികുമാർ.എസ്, ശ്രീകൃഷ്ണ വിലാസം, വരയന്നൂർ.പി.ഒ | 52500 |

പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സുഭിക്ഷം കേരളം- സബ്സിഡി ഉത്തരവ് പ്രകാരം (സ.ഉ (സാധാ) നം- 1009/2020/ത.സ്വ.ഭ.വ തീയതി 29/05/2020) മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തി ചെയ്യിട്ടില്ലാത്ത ഭൂമിയെ ആണ് തരിശായി പരിഗണിക്കേണ്ടത്. ആയത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല

2) തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കാണ് കർഷകന് ആനുകൂല്യം നൽകേണ്ടത്. കൂടാതെ തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

3) കർഷകരും സ്ഥലം ഉടമകളും തമ്മിൽ കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) തരിശ് ഭൂമി കൃഷി യോഗ്യമാക്കിയതിന്റെ വൗച്ചറുകൾ, നടീൽ വസ്തുക്കളുടെ വൗച്ചറുകൾ, രാസ ജൈവ വളങ്ങളുടെ വൗച്ചറുകൾ, കൂലി ചെലവ് വൗച്ചറുകൾ എന്നീ രേഖകൾ സമർപ്പിക്കുന്നതനുസരിച്ച് സ്ഥല പരിശോധന നടത്തി കൃഷി ചെയ്തതനുസരിച്ച് സബ്സിഡി ആനുകൂല്യം നൽകുമെന്നാണ് പ്രോജക്ട് രൂപീകരണ ഫാറത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല

5) കൃഷി ചെയ്ത ഭൂമിയുടെ വിവരങ്ങൾ ബോധ്യപ്പെടുന്നതിനായി ഭൂനികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

6) കൃഷി ചെയ്ത ഭൂമിയുടെ അളവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) ആനുകൂല്യം കൈപ്പറ്റിയ കർഷകർ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

8) മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നം- 10/20-21 തീയതി 27-04-2022) നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയതിനോടൊപ്പം ക്രമ നം- 1,8 എന്നിവ പ്രകാരം ചൂണ്ടിക്കാട്ടിയ അപാകം പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിരുന്നു. എന്നാൽ മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ കൃത്യമായി ഹാജരാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 350000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 എ.ബി.സി.പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി (S0147/21) പ്രകാരം ഓഡിറ്റ് വർഷം വികസന ഫണ്ട് ( ജനറൽ) ഇനത്തിൽ 31500 രൂപ ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിനായി ചെലവഴിച്ചിട്ടുണ്ട്. ടി തുക ABC പ്രോഗ്രാമിന്റെ ജില്ലാ മിഷൻ കോർഡിനേറ്ററുടെ പേരിൽ ബിൽ നം. 20050952013800977299 പ്രകാരം 21/01/2021 തീയതിയിൽ ട്രഷറിയിൽ നിന്നും മാറിയിട്ടുണ്ട്.എന്നാൽ കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തിൽ നടത്തിയ പദ്ധതി പ്രവർത്തനത്തിന്റ വിവരങ്ങൾ, പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-23 വാഹന റിപ്പയറിംഗ് - നടപടി ക്രമങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ ബൊലേറോ ജീപ്പ് (KL 27G 3072) റിപ്പയർ ചെയ്ത വകയിൽ 15337 രൂപ ചെക്ക് നം- 12952/ 14-05-2020 പ്രകാരം മൈ മെക്കാനിക്, 101 ജംഗ്ഷൻ, ഏറ്റുമാനൂർ എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. ഔദ്യോഗിക വാഹനങ്ങളുടെ പതിനായിരം രൂപയിൽ കൂടുതലുള്ള അറ്റകുറ്റപ്പണിക്ക് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ്ബ് ഡിവിഷൻ അസ്സിസ്റ്റന്റ് എൻജിനീയറുടെ അനുമതി ആവശ്യമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു അനുമതി ഇല്ലാതെയാണ് അറ്റകുറ്റപ്പണി നടത്തിയിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ ആവശ്യമായ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-21/20-21 തീയതി 29-04-2022) നൽകിയെങ്കിലും മറുപടി

ലഭ്യമാക്കിയില്ല. ആവശ്യമായ അനുമതി ഇല്ലാതെ ചെലവ് നടത്തിയ സാഹചര്യത്തിൽ ചെലവ് തുകയായ 15937 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മീറ്ററിംഗ് നടപടികൾ പൂർത്തീകരിച്ചില്ല- ലക്ഷങ്ങളുടെ വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകളുടെ മീറ്ററിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടില്ല. തന്മൂലം പ്രതിവർഷം ലക്ഷങ്ങളുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്നത്. വാർഷിക ധനകാര്യ പത്രിക പ്രകാരം 2020-21 സാമ്പത്തിക വർഷം തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ അടവാക്കിയ തുക 1531378 രൂപയാണ്. മാർച്ച് 2021 -ലെ ബിൽ പ്രകാരം 121011 രൂപയാണ് ആകെയുള്ള ഒരു മാസത്തെ കറന്റ് ചാർജ്ജ്. ഇതിൽ 115012 രൂപയും മീറ്ററിംഗ് പൂർത്തീകരിക്കാത്ത വിളക്കുകളുടെ കറന്റ് ചാർജാണ് കുമ്പനാട് ഡിവിഷനിലുള്ള തെരുവു വിളക്കുകളുടെ മീറ്ററിംഗാണ് പൂർത്തീകരിക്കാതെ അവശേഷിക്കുന്നത്. ആകെ അടവാക്കുന്ന കറന്റ് ചാർജ്ജിന്റെ സിംഹഭാഗവും മീറ്ററിംഗ് പൂർത്തീകരിക്കാത്തവയുടേതാണ്.

കറന്റ് ചാർജ്ജിനത്തിൽ ഇപ്രകാരം വൻതുക വിനിയോഗിക്കപ്പെടുന്ന സാഹചര്യത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മീറ്ററിംഗിന് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ജില്ലയിലെ ഭൂരിഭാഗം പഞ്ചായത്തുകളും മീറ്ററിംഗ് പൂർത്തീകരിച്ച സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി ടി ഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി- സുഭിക്ഷം കേരള പദ്ധതി- അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി- സുഭിക്ഷം കേരള പദ്ധതി (211/20-21) |
| വകയിരുത്തിയ തുക | 192860 രൂപ (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ബിൽ നമ്പർ 27 /12-03-2021 – 192860 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | കൃഷി ഓഫീസർ |

പ്രോജക്ട് പ്രകാരം തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്ത ഇനത്തിൽ 18കർഷകർക്കും മൂന്ന് ഭൂ ഉടമകൾക്കുമായാണ് 192860 രൂപ അനുവദിച്ച് നൽകിയത്

പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സുഭിക്ഷം കേരളം- സബ്സിഡി ഉത്തരവ് പ്രകാരം (സ.ഉ (സാധാ) നം- 1009/2020/ത.സ്വ.ഭ.വ തീയതി 29/05/2020) മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തി ചെയ്യിട്ടില്ലാത്ത ഭൂമിയെ ആണ് തരിശായി പരിഗണിക്കേണ്ടത്. ആയത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല

2) തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കാണ് കർഷകന് ആനുകൂല്യം നൽകേണ്ടത്. കൂടാതെ തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

3) തരിശ് ഭൂമി കൃഷി യോഗ്യമാക്കിയതിന്റെ വൗച്ചറുകൾ, നടീൽ വസ്തുക്കളുടെ വൗച്ചറുകൾ, രാസ ജൈവ വളങ്ങളുടെ വൗച്ചറുകൾ, കൂലി ചെലവ് വൗച്ചറുകൾ എന്നീ രേഖകൾ സമർപ്പിക്കുന്നതനുസരിച്ച് സ്ഥല പരിശോധന നടത്തി കൃഷി ചെയ്തതനുസരിച്ച് സബ്സിഡി ആനുകൂല്യം നൽകുമെന്നാണ് പ്രോജക്ട് രൂപീകരണ ഫാറത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല

4) കൃഷി ചെയ്ത ഭൂമിയുടെ അളവ് കൃഷി അസ്സിസ്റ്റന്റ് ശുപാർശ ചെയ്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നം- 12/20-21 തീയതി 27-04-2022) നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയതിനോടൊപ്പം ക്രമ നം- 1,5 എന്നിവ പ്രകാരം ചൂണ്ടിക്കാട്ടിയ അപാകം പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിരുന്നു. എന്നാൽ മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ കൃത്യമായി ഹാജരാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 192860/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പ്രളയ ബാധിതവർക്ക് ലഭിച്ച ഫണ്ട് ലാപ്സാക്കി

2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപ്പഞ്ചായത്തുകൾക്ക് പ്രത്യേക വിഹിതമായി അനുവദിച്ച 70.16ലക്ഷം രൂപയിൽ 20.16 ലക്ഷം രൂപ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് നഷ്ടപ്പെടുത്തി. പ്രകൃതി ദുരന്തത്താൽ ജീവനോപാധി

മാർഗ്ഗം ഇല്ലാതായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ.ഉ(1604/2021/ധന./19.02.2021 പ്രകാരം അനുവദിച്ച തുകയാണ് പഞ്ചായത്തിന്റെ അനാസ്ഥമൂലം ഇപ്രകാരം നഷ്ടമായത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | *ലഭിച്ച തുക* | *ചെലവഴിച്ച തുക* | *ലാപ്സാക്കിയ തുക* |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 5247250 | 3944081 | 1303169 |
| വികസനഫണ്ട് (എസ്.സി.പി) | 1769000 | 1055945 | 713055 |
| ആകെ | 7016250 | 5000026 | 2016224 |

മൃഗസംരക്ഷണം, സ്വയംതൊഴിൽ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും ചെലവഴിച്ച തുകയിൽ ഏറിയ പങ്കം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മരാമത്ത് പ്രവൃത്തികൾക്കാണ് ചെലവഴിച്ചത്. നടപ്പിലാക്കിയ 12 പ്രോജക്ടുകളിൽ 8 എണ്ണവും മരാമത്ത് പ്രവൃത്തികളായിരുന്നു. 2018 ലെ പ്രളയത്തിൽ സമാനതകളില്ലാത്ത ദുരിതം അനുഭവിക്കേണ്ടിവന്ന ഗ്രാമപഞ്ചായത്ത് എന്ന നിലയ്ക്ക് ഇത്തരം പദ്ധതികൾക്ക് മുൻഗണന നൽകേണ്ടിയിരുന്നത് അനിവാര്യമായിരുന്നു.

പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/28.4.2022) നൽകിയ മറുപടിയിൽ നിയമസഭ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ പ്രവൃത്തികൾക്ക് കരാർ വയ്ക്കാൻ കഴിയാതെ പോയതും തുടർ വർഷം സ്പിൽ ഓവർ പ്രോജക്ടുകളായി നടപ്പിലാക്കാൻ സാധിച്ചില്ലെന്നും പറയുന്നുണ്ട്. പ്രളയത്തിൽ റോഡുകൾ എല്ലാം തകർന്നതിലാണ് മരാമത്ത് പ്രവൃത്തികൾക്ക് പ്രസ്തുത ഫണ്ട് വകയിരുത്തേണ്ടി വന്നത് എന്നും മറുപടിയിൽ പറയുന്നു. പരമാവധി ജീവനോപാധി പരിപാടികൾ നടപ്പാക്കിയശേഷം അവശേഷിക്കുന്ന തുക ഇതര പരിപാടികൾആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വിനിയോഗിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി ഉണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങളുടെ കെടുതികൾ രൂക്ഷമായി അനുഭവിക്കുന്ന പ്രദേശമായിട്ടും ഈ ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ ഗ്രാമപ്പഞ്ചായത്തിന് സാധിച്ചിട്ടില്ല.

## 1-27 അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്

സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണ വിവരങ്ങളും പഞ്ചായത്തിലെ മരണ രജിസ്റ്ററും പരിശോധിച്ചതിൽ, ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ നം. | പേരും പെൻഷൻ ഐ.ഡി-യും | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ നൽകിയ കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | മറിയാമ്മ ചാക്കോ 103860201445 | വാർദ്ധക്യകാല പെൻഷൻ | 6.4.2021 | 5/2021 - 9/2021 | 1600 X 5 = 8000 |
| 2 | ഏലിയാമ്മ കോശി 103860200836 | വാർദ്ധക്യകാല പെൻഷൻ | 27.2.2021 | 3/2021 - 4/2022 | 1500x1 + 1600x12 = 20700 |
| 3 | തങ്കമണിയമ്മ 103860200207 | വാർദ്ധക്യകാല പെൻഷൻ | 19.3.2021 | 4/2021 - 4/2022 | 1600 X 13= 20800 |
| 4 | മേരി ജോൺ 103860202692 | വാർദ്ധക്യകാല പെൻഷൻ | 6.3.2021 | 4/2021 - 4/2022 | 1600 X 13= 20800 |
| 5 | മറിയാമ്മ മാത്യു 103860201422 | വാർദ്ധക്യകാല പെൻഷൻ | 19.11.2021 | 12/2021- 4/2022 | 1600 X 5= 8000 |
| 6 | മാത്യു മത്തായി 103860201201 | വാർദ്ധക്യകാല പെൻഷൻ | 10.12.2021 | 1/2022 - 4/2022 | 1600 X 4= 6400 |
| 7 | അമ്മിണി | വാർദ്ധക്യകാല പെൻഷൻ | 3.12.2021 | 1/2022 - 4/2022 | 1600 X 4= 6400 |

| | | | | | |
|---|---|---|---|---|---|
| | 103860201212 | | | | |
| 8 | മാത്യു എ വി 103860200499 | വാർദ്ധക്യകാല പെൻഷൻ | 26.11.2021 | 12/2021- 4/2022 | 1600 X 5= 8000 |
| 9 | സദാനന്ദൻ ആചാരി 103860201530 | വാർദ്ധക്യകാല പെൻഷൻ | 16.6.2021 | 7/2021- 8/2021 | 1600 X 2= 3200 |
| 10 | ജാനകി വി കെ 103860200159 | വാർദ്ധക്യകാല പെൻഷൻ | 25.5.2021 | 6/2021- 4/2022 | 1600 X 11= 17600 |
| 11 | ചന്ദ്രശേഖരൻ നായർ 103860202262 | വാർദ്ധക്യകാല പെൻഷൻ | 29.5.2021 | 6/2021- 4/2022 | 1600 X 11= 17600 |
| 12 | പ്രഭാകരൻ നായർ 103860200806 | വാർദ്ധക്യകാല പെൻഷൻ | 19.5.2021 | 6/2021- 4/2022 | 1600 X 11= 17600 |
| 13 | വിജയകുമാർ 103860201028 | വാർദ്ധക്യകാല പെൻഷൻ | 18.4.2021 | 5/2021- 6/2021 | 1600 X 2= 3200 |
| 14 | തങ്കമ്മ എസ് 103860201826 | വാർദ്ധക്യകാല പെൻഷൻ | 17.4.2021 | 5/2021- 4/2022 | 1600 X 12= 19200 |
| 15 | മാത്യു എം വി 103860200509 | വാർദ്ധക്യകാല പെൻഷൻ | 15.5.2021 | 6/2021- 4/2022 | 1600 X 11= 17600 |
| 16 | തോമസ് പി വി 103860201782 | വാർദ്ധക്യകാല പെൻഷൻ | 5.5.2021 | 6/2021- 4/2022 | 1600 X 11= 17600 |
| 17 | ജോർജ്ജ് പി എം 103860201456 | വാർദ്ധക്യകാല പെൻഷൻ | 29.3.2021 | 4/2021- 4/2022 | 1600 X 13= 20800 |
| 18 | തോമസ് ജോർജ്ജ് 103860202311 | വാർദ്ധക്യകാല പെൻഷൻ | 14.3.2021 | 4/2021- 4/2022 | 1600 X 13= 20800 |
| 19 | വർഗ്ഗീസ് എൻ എം 103860200895 | വാർദ്ധക്യകാല പെൻഷൻ | 19.9.2021 | 10/2021- 4/2022 | 1600 X 7= 11200 |
| 20 | ചന്ദ്രൻ 103860200332 | വാർദ്ധക്യകാല പെൻഷൻ | 11.9.2021 | 10/2021- 2/2022 | 1600 X 5= 8000 |
| 21 | വിജയമ്മ തങ്കപ്പൻ 103860600861 | വാർദ്ധക്യകാല പെൻഷൻ | 3.9.2021 | 10/2021- 4/2022 | 1600 X 7= 11200 |
| 22 | കേശവൻ കുഞ്ഞ്കുഞ്ഞ് 103860200605 | വാർദ്ധക്യകാല പെൻഷൻ | 2.8.2021 | 9/2021- 4/2022 | 1600 X 8= 12800 |
| 23 | ചാക്കോ പി സി 103860201307 | വാർദ്ധക്യകാല പെൻഷൻ | 17.7.2021 | 8/2021- 11/2021 | 1600 X 4= 6400 |
| 24 | സക്കറിയ മാത്യു 103860202071 | വാർദ്ധക്യകാല പെൻഷൻ | 10.5.2021 | 6/2021- 4/2022 | 1600 X 11= 17600 |
| 25 | മത്തായി ചാക്കോ 103860200531 | വാർദ്ധക്യകാല പെൻഷൻ | 17.7.2021 | 8/2021- 4/2022 | 1600 X 9= 14400 |

| | | | | | |
|---|---|---|---|---|---|
| 26 | മറിയാമ്മ ചാക്കോ 103860201236 | വാർദ്ധക്യകാല പെൻഷൻ | 17.8.2020 | 9/2020 | 1500 X 1= 1500 |
| 27 | പീറ്റർ 103860200368 | വാർദ്ധക്യകാല പെൻഷൻ | 21.8.2020 | 9/2020- 4/2022 | 1400x4+1500x3+ 1600 X 13= 30900 |
| 28 | ദേവയാനി ദേവരാജൻ 103860201729 | വാർദ്ധക്യകാല പെൻഷൻ | 31.8.2020 | 9/2020- 2/2021 | 1500 X 6= 9000 |
| 29 | അന്നമ്മ മത്തായി 103860201518 | വാർദ്ധക്യകാല പെൻഷൻ | 28.8.2020 | 9/2020- 11/2020 | 1500 X 3= 4500 |
| 30 | ജോർജ്ജ് കെ പി 103860201721 | വാർദ്ധക്യകാല പെൻഷൻ | 18.10.2020 | 11/2020-12/2021 | 1400x2+1500x3+ 1600 X 9= 21700 |
| 31 | ലീലാമ്മ പി കെ 103860201048 | വാർദ്ധക്യകാല പെൻഷൻ | 27.10.2020 | 11/2020 | 1500 X 1= 1500 |
| 32 | ദേവകിയമ്മ 103860200066 | വാർദ്ധക്യകാല പെൻഷൻ | 18.10.2021 | 11/2021- 4/2022 | 1600 X 6= 9600 |
| 33 | മത്തായി റ്റി സി 103860200462 | വാർദ്ധക്യകാല പെൻഷൻ | 27.12.2020 | 1/2021- 4/2022 | 1500x3+1600x13= 25300 |
| 34 | തങ്കമ്മ കെ 103860200064 | വാർദ്ധക്യകാല പെൻഷൻ | 28.10.2020 | 11/2020-12/2020 | 1500 X 2 = 3000 |
| 35 | ഗൗരിയമ്മ 103860200573 | വാർദ്ധക്യകാല പെൻഷൻ | 21.6.2020 | 7/2020- 4/2022 | 1300x2+1400x4+ 1500x3+ 1600x13= 33500 |
| 36 | കൃഷ്ണൻകുട്ടി 103860202046 | വാർദ്ധക്യകാല പെൻഷൻ | 19.7.2020 | 8/2020- 4/2022 | 1300x1+1400x4+ 1500x3+ 1600x13= 32200 |
| 37 | ദേവകിയമ്മ 103860201091 | വാർദ്ധക്യകാല പെൻഷൻ | 6.2.2020 | 3/2020- 4/2022 | 1500x13+1600x13= 40300 |
| 38 | ജോയ് റ്റി റ്റി 103860202158 | വാർദ്ധക്യകാല പെൻഷൻ | 31.1.2020 | 2/2020- 4/2022 | 1200x2+1300x5+ 1400x4+ 1500x3+ 1600x13= 39800 |
| 39 | രവീന്ദ്രൻ നായർ 103860200794 | വാർദ്ധക്യകാല പെൻഷൻ | 3.2.2020 | 3/2020- 4/2022 | 1200x1+1300x5+ 1400x4+ 1500x3+ 1600x13= 38600 |
| 40 | രാമകൃഷ്ണൻ കേശവൻ 103860200264 | വാർദ്ധക്യകാല പെൻഷൻ | 13.4.2020 | 5/2020- 10/2021 | 1500x11+ 1600x6= 26100 |
| 41 | ഇന്ദിര പ്രേംരാജ് 103860201865 | വാർദ്ധക്യകാല പെൻഷൻ | 30.12.2020 | 1/2021- 4/2022 | 1500x3+ 1600x13= 25300 |
| 42 | ജേക്കബ് മാത്യു 103860200446 | വാർദ്ധക്യകാല പെൻഷൻ | 18.12.2019 | 1/2020- 4/2022 | 1200x3+1300x5+ 1400x4+ 1500x3+ 1600x13= 41000 |
| 43 | ഭാരതിയമ്മ 103860200657 | വാർദ്ധക്യകാല പെൻഷൻ | 28.12.2019 | 1/2020- 12/2021 | 1500x15+1600x9= 36900 |
| 44 | വൽസലം എം 103860201202 | വാർദ്ധക്യകാല പെൻഷൻ | 9.1.2020 | 2/2020- 2/2021 | 1200x2+1300x5+ 1400x4+ 1500x2= 17500 |
| 45 | പൊടിയമ്മ | വിധവാ | 25.12.2019 | 1/2020- 8/2021 | 1200x3+1300x5+ |

| | | | | | |
|---|---|---|---|---|---|
| | യേശുദാസ് 103860601002 | പെൻഷൻ | | | 1400x4+ 1500x3+ 1600x5= 28200 |
| 46 | ബാലാമണി റ്റി കെ 103860601033 | വിധവാ പെൻഷൻ | 19.11.2020 | 12/2020- 1/2021 | 1400x2= 2800 |
| 47 | അമ്മിണി ഭാസ്കരൻ 103860600319 | വിധവാ പെൻഷൻ | 3.7.2020 | 8/2020- 8/2021 | 1300x1+ 1400x4+ 1500x3+ 1600x5= 19400 |
| 48 | ശാന്തമ്മ പി കെ 103860601036 | വിധവാ പെൻഷൻ | 2.9.2020 | 10/2020-4/2022 | 600x19= 11400 |
| 49 | ഏലിയാമ്മ മത്തായി 103860600024 | വിധവാ പെൻഷൻ | 7.7.2021 | 8/2021- 4/2022 | 1600 X 9= 14400 |
| 50 | ലീലാമ്മ റ്റി വി 103860600983 | വിധവാ പെൻഷൻ | 19.7.2021 | 8/2021- 4/2022 | 1600 X 9= 14400 |
| 51 | മേരിക്കുട്ടി ജോർജ്ജ് 103860600442 | വിധവാ പെൻഷൻ | 26.5.2021 | 6/2021- 4/2022 | 1600 X 11= 17600 |
| 52 | അന്നമ്മ ജോർജ്ജ് 103860600849 | വിധവാ പെൻഷൻ | 12.6.2021 | 7/2021- 8/2021 | 1600 X 2= 3200 |
| 53 | മണി കെ 103860100317 | കർഷക തൊഴിലാളി പെൻഷൻ | 29.10.2021 | 11/2021- 4/2022 | 1600 X 6= 9600 |
| 54 | ശാമുവൽ കെ എം 103860100159 | കർഷക തൊഴിലാളി പെൻഷൻ | 16.3.2020 | 4/2020- 4/2022 | 1300x5+ 1400x4+ 1500x3+ 1600x13= 37400 |
| 55 | സൈമൺ പി എസ് 103860100278 | കർഷക തൊഴിലാളി പെൻഷൻ | 18.10.2020 | 11/2020- 4/2022 | 1400x2+ 1500x3+ 1600x13= 28100 |

തുകകൾ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, ഈടാക്കാത്തപക്ഷം ആയതിന്റെ കാരണം പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതും അനർഹമായി നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 ലൈഫ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റി ; പണി പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1. ശ്രീ. അനിൽകുമാർ റ്റി എസ്, തൈനിൽക്കുന്നതിൽ, നെല്ലിക്കൽ എന്നയാൾ 20000/- രൂപ മുൻകൂറായി കൈപ്പറ്റിയെങ്കിലും (30.09.2020 ൽ) ബേസ്മെന്റ് വരെയുള്ള പണി മാത്രമേ പൂർത്തീയാക്കിയിട്ടുള്ളൂ.

2. ശ്രീ. മനോജ് എം എസ്, മുളവേലിപ്പറമ്പിൽ, വരയന്നൂർ 40000/- രൂപ മുൻകൂറായി കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചിട്ടില്ല.

3. ശ്രീ. രതീഷ് കുമാർ/ ശ്രീമതി രമ്യ റ്റി രാജു, അഴകത്ത്, ചേന്നമല 40000/- രൂപ മുൻകൂറായി കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചിട്ടില്ല.

പ്രസ്തുത വ്യക്തികൾ പണി പൂർത്തീകരിക്കാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 1-29 തെരുവ് വിളക്ക് വാങ്ങൽ പദ്ധതികൾ അനിയന്ത്രിതമായും അലക്ഷ്യമായും നടപ്പാക്കുന്നു

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നിരവധി തെരുവ് വിളക്ക് വാങ്ങൽ പ്രോജക്ടുകൾ (പുതിയതും സ്പിൽ ഓവറും) നടപ്പിലാക്കിയിട്ടുണ്ട്. വിവരങ്ങൾ താഴെ ചേർക്കുന്നു.

1. തെരുവ് വിളക്ക് സ്ഥാപിക്കൽ (70/21) – 228814 രൂപ

2. 17 വാർഡുകളിലും എൽ.ഇ.ഡി. ലൈറ്റ് വാങ്ങി സ്ഥാപിക്കൽ (202/21)- 496190 രൂപ.

പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ പൊതുവായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ചുവടെ ചേർക്കുന്നു-

1. പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് യാതൊരു കണക്കും സൂക്ഷിച്ചിട്ടില്ല. കൃത്യമായ കണക്കില്ലാതെയും മുൻകൂർ ആവശ്യകത നിർണ്ണയിക്കാതെയുമാണ് പ്രോജക്ടുകൾ നടപ്പിലാക്കി. ഒരു നിശ്ചിത തുക പ്രോജക്ടുകൾക്ക് വർഷാവർഷം വകയിരുത്തുകയും വിവിധ പ്രദേശങ്ങളിലെ ആവശ്യങ്ങൾ പരിഗണിയ്ക്കാതെ തെരുവ് വിളക്കുകൾ തുല്യമായി വാർഡിസ്ഥാനത്തിൽ വീതിച്ച നൽകുകയും ചെയ്യുന്നതാണ് പതിവ്. ഇത് ശരിയായ നടപടിയല്ല.

2. തെരുവ് വിളക്കുകൾ ടെണ്ടർ കൂടാതെയുള്ള വാങ്ങിയിട്ടുള്ളത്. എന്നാൽ, ഇപ്രകാരം വാങ്ങിയ വിളക്കുകൾ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

3. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ അപൂർണ്ണമാണ്. പോസ്റ്റ് നമ്പരുകൾ രേഖപ്പെടുത്തയിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എന്ത് അടിസ്ഥാനത്തിലാണ് വിവിധ പോസ്റ്റുകളിൽ വിളക്കുകൾ സ്ഥാപിക്കുന്നത് എന്നത് വ്യക്തമല്ല.

4. തെരുവ് വിളക്കുകളുടെ വിതരണ വിവരങ്ങൾ കൃത്യമല്ല. ഉദാഹരണത്തിന്- 70/21 നമ്പർ പ്രോജക്ട് പ്രകാരം വാങ്ങിയ 1160 എൽ.ഇ.ഡി ബൾബുകളിൽ 1055 എണ്ണം മാത്രമേ വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളൂ. വിതരണ വിവരങ്ങൾ സുതാര്യമല്ല.

പഞ്ചായത്തിലെ വിവിധ തരം തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കെടുത്തും ഓരോ വാർഡിലെയും ലൈറ്റുകളുടെ ആവശ്യകത കൃത്യമായി പരിശോധിച്ചും മാത്രമേ ഭാവിയിൽ ഇപ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ പാടുള്ളൂ. അടാട്ട് മാതൃകയിലെ തെരുവ് വിളക്ക് പരിപാലന രീതി അവലംബിക്കുന്നത് അഭികാമ്യമായിരിക്കും.

## 1-30 ആല്പംതറ ഓഡിറ്റോറിയം ഫർണ്ണീച്ചർ വാങ്ങൽ പ്രോജക്ട് നടത്തിപ്പിലെ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ആല്പംതറ എസ്.സി കോളനി ഓഡിറ്റോറിയം ഫർണ്ണീച്ചർ വാങ്ങൽ (101/21) |
| വകയിരുത്തൽ | 388802/- (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് | 388802/-<br>(ട്രഷറി ബിൽ നം. 20050952013400025998/11.4.2020 - 388802/- |

സെക്രട്ടറി നിർവ്വഹിച്ച പ്രസ്തുത പദ്ധതി പ്രകാരം ആല്പംതറ എസ്.സി കോളനിയിലെ ഓഡിറ്റോറിയത്തിലേക്ക് ഫർണ്ണീച്ചർ ബെൻഹുഡ് ഹൗസ്, കമ്പനാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് പ്രസ്തുത സ്ഥാപനത്തിന്റെ ടെൻഡർ പഞ്ചായത്ത് കമ്മിറ്റിയുടെ 15.11.2019-ലെ 1(6)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. എന്നാൽ, സ്ഥാപനത്തിന് കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി അധികം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ഫർണ്ണീച്ചർ | എണ്ണം | കമ്മിറ്റി തീരുമാനം പ്രകാരമുള്ള നിരക്ക്/നൽകേണ്ട തുക | യഥാർത്ഥത്തിൽ നൽകിയ നിരക്ക്/നൽകിയ തുക |
|---|---|---|---|
| Armless Chair | 400 | 450 X 400 = 180000 | 450.005 X 400 = 180002 |
| Table | 40 | 40 X 3250 = 130000 | 40 X 3900 = 156000 |
| Stage Chair | 12 | 12 X 2900 = 34800 | 12 X 2900 = 34800 |
| Stage Table | 1 | 1 X 18000 = 18000 | 1 X 18000 = 18000 |
| | ആകെ | 362800 | 388802 |

ടെൻഡർ അംഗീകരിച്ചത് ടേബിളിന് (ക്രമനം. 2) 3250 രൂപ നിരക്കിലായിരുന്നു. എന്നാൽ, പ്രസ്തുത ടെൻഡർ അംഗീകരിക്കാനുള്ള കമ്മിറ്റി തീരുമാനത്തിൽ ടേബിളിന്റെ നിരക്ക് 3900 രൂപ എന്നാണ് രേഖപ്പെടുത്തിയത്. ഇതു കാരണം സ്ഥാപനത്തിന് 26002/- രൂപ അധികമായി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/25.4.2022) മറുപടിയിൽ ടേബിളിന്റെ വില 3900/- എന്നത് 3250/- രൂപയായി തെറ്റായി രേഖപ്പെടുത്തിയതാണെന്ന് സെക്രട്ടറി അറിയിച്ചു. അധികമായി നൽകിയ 26002/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ് അല്ലാത്തപക്ഷം തുക സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

## 1-31 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം മാലിന്യ നിർമ്മാർജ്ജനം, ഖരമാലിന്യങ്ങൾ ശേഖരിക്കുക, കൈയൊഴിക്കുക, ദ്രവമാലിന്യം നീക്കം ചെയ്യുക, മാലിന്യ പരിപാലനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക എന്നിവ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചുമതലകളാണ്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ജൈവ മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, അജൈവ മാലിന്യങ്ങളുടെ ശേഖരിക്കൽ, കൈയൊഴിക്കൽ എന്നിവ സംബന്ധിച്ചും സേവനങ്ങളും ഫീൽഡുതല പ്രവർത്തനങ്ങളും നടത്തേണ്ട സംവിധാനമാണ് ഹരിതകർമ്മ സേന. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ചത് 2019-ലാണെങ്കിലും 2020-21 ഡിസംബറിലാണ് പ്രവർത്തനം ആരംഭിച്ചത്. ഡിസംബർ 2020 മുതൽ മാർച്ച് 2021 വരെ 32130/- രൂപ മാത്രമാണ് യൂസർഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. വീടുകളിൽ നിന്നും 50/- രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയുമാണ് ഈടാക്കിയിരുന്നത്. എല്ലാ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി യൂസർഫീസ് കിട്ടുന്നില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 34 പേരുമായി ആരംഭിച്ച ഹരിതകർമ്മ സേനയിൽ നിലവിൽ 32 പേരാണുള്ളത്. ആറാം വാർഡിൽ ഹരിതകർമ്മ സേന പ്രവർത്തനമില്ല. 17 വാർഡുള്ളതിൽ ആകെ 6 വാർഡുകളിൽ മാത്രമാണ് മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളത്. എം.സി.എഫ് പുല്ലാട് മാർക്കറ്റിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കാൻ പ്രയാസം നേരിടുന്നുണ്ട്. ജൈവ, അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ അവലോകനം നടക്കുന്നില്ല. സേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പി.എച്ച്.സി-യ്ക്ക് ബോർവെൽ - പ്രോജക്ട് നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പി.എച്ച്.സി-യ്ക്ക് ബോർവെൽ (108/21) |
| വകയിരുത്തൽ | 266000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 266000/-<br>(ട്രഷറി ബിൽ നം. 20050952013400019260/11.4.2020 - 266000/- |

സെക്രട്ടറി നിർവ്വഹിച്ച പ്രസ്തുത പദ്ധതി പ്രകാരം പി.എച്ച്.സി-യിൽ ബോർവെൽ സ്ഥാപിക്കുന്നതിന് 266000/- രൂപ ഭൂജല വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ, ബോർവെൽ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്ത സ്ഥലം PWD റോഡിലാണ് എന്നും, ടി റോഡിന്റെ സൈഡിൽ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിന് 350 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും റോഡ് ക്രോസ്സിംഗ് എന്നിവ ചെയ്യാൻ PWD-യുടെ അനുമതി ആവശ്യമാണെന്ന് ഭൂജലവകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിനായി 23.7.20-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് റോഡ് വകുപ്പ്, തിരുവല്ലയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/25.4.22) പ്രസ്തുത പ്രവൃത്തിയ്ക്ക് PWD-യിൽ നിന്നും നിരാക്ഷേപ സർട്ടിഫിക്കറ്റ് ലഭിക്കാൻ സാദ്ധ്യതയില്ലെന്ന് പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിക്ഷേപിച്ച തുക അടിയന്തിരമായി തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 400000 | ലൈഫ് ഭവന പദ്ധതി- വസ്തു വാങ്ങൽ | 400000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 200000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 200000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 500000 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 500000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 150000 | അംഗൻവാടി പോഷകാഹാരം | 150000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള ബത്തയും സ്കോളർഷിപ്പും | 150000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 175510 | വൃദ്ധർക്ക് കട്ടിൽ | 175510 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2000000 | സുഫലം- സമഗ്ര വാഴകൃഷി വികസനം (ജനറൽ- സ്ത്രീ ഗ്രൂപ്പുകൾ) | 2000000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1000000 | സുഫലം- സമഗ്ര വാഴകൃഷി വികസനം (എസ്.സി- സ്ത്രീ ഗ്രൂപ്പുകൾ ) | 1000000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 3000000 | സുഭിക്ഷ കേരളം- ഇടവിള കൃഷി | 3000000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1500000 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 1500000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | വിവിധ വാർഡുകളിലെ കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 500000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 400000 | സോളാർ വിളക്ക് സ്ഥാപിക്കൽ- ജി.എം.യു.പി.എസ്, പുല്ലാട് | 400000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 800000 | സോളാർ വിളക്ക് സ്ഥാപിക്കൽ- ജി.യു.പി.എസ്, കിഴക്കേപ്പുറം | 800000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | ആല്യംതറ ഓഡിറ്റോറിയം | 20050952013400025994/ 11.4.2020 | 162000/- | 0 | 162000 |

| | | | | | |
|---|---|---|---|---|---|
| | ബോർവെൽ, പ്ലംബിംഗ് | | | | |
| ഭൂജല വകുപ്പ് | പി.എച്ച്.സി-യ്ക്ക് ബോർവെൽ | 20050952013400019260/ 11.4.2020 | 266000/- | 0 | 266000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8318312 |
| തൻവർഷം നിക്ഷേപിച്ച തുക | 634060 |
| ആകെ | 8952372 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8952372 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ട്രഷറി/ബാങ്ക് /പോസ്റ്റോഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കേരള ഗ്രാമീണ ബാങ്ക്, പുല്ലാട് (FD Number 40309200110282) | 17/6/2020 | 12 മാസം | 1795256 |
| 2 | കേരള ഗ്രാമീണ ബാങ്ക്, പുല്ലാട് (FD Number 40309200110284) | 29/6/2020 | 12 മാസം | 3341378 |
| 3 | പത്തനംതിട്ട ജില്ല സഹകരണ ബാങ്ക്, പുല്ലാട് (FD Number 42442) | 29/3/2021 | 12 മാസം | 473311 |
| 4 | പത്തനംതിട്ട ജില്ല സഹകരണ ബാങ്ക്, പുല്ലാട് (FD Number 17518) | 13/12/2020 | 12 മാസം | 3342427 |
| | ആകെ | | | 8952372 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | വസ്തു നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകത | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 121875119 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99105601 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 702084 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 143287 | ഡോ. മിനി ബി. , മെഡിക്കൽ ഓഫീസർ, (ഹോമിയോ) |
| 1-21 | 350000 | ശ്രീ ബിനോയി കെ.വി., കൃഷി ഓഫീസർ |
| 1-23 | 15937 | ശ്രീ മൈക്കിൾ സി., സെക്രട്ടറി |
| 1-25 | 192860 | ശ്രീ ബിനോയി കെ.വി., കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. മിനി ബി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഗവ. ഹോമിയോ ഡിസ്പൻസറി, പൂവത്തൂർ പി.ഒ, കോയിപ്രം | ഗോവികൃഷ്ണ, തൊടിയൂർ നോർത്ത് പി.ഒ, കരുനാഗപ്പള്ളി, കൊല്ലം ജില്ല 690522 |
| ശ്രീ. ബിനോയി കെ വി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പുല്ലാട് പി.ഒ, കോയിപ്രം | കോമളവിലാസം, നെടുമ്പന പി.ഒ, കണ്ണനല്ലൂർ, കൊല്ലം ജില്ല 691576 |
| ശ്രീ. മൈക്കിൾ സി, സെക്രട്ടറി | സെക്രട്ടറി, കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | വിമല ഹൗസ്, പേരയം,കുമ്പളം പി.ഒ, മുളവന (വഴി), കൊല്ലം ജില്ല 691503 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള്

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാനത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 (ഡി.സി.ബി) | എൽ.എഫ്.പിറ്റിഎ-പി3.273/2008 തീയതി 31.10.2008/6.11.2009 | എല്ലാ ഖണ്ഡികകളും |
| 1997-98 (ചെലവ്) | എൽ.എഫ്.പിറ്റിഎ-പി3.68/1999 തീയതി 9.2.1999/6.3.1999 | എല്ലാ ഖണ്ഡികകളും |
| 1997-98 (ഡി.സി.ബി) | എൽ.എഫ്.പിറ്റിഎ-പി5.274/2008 തീയതി 24.12.2008/6.11.2009 | 4-2 |
| 1998-99 (ചെലവ്) | എൽ.എഫ്.പിറ്റിഎ-പി3.568/1999 തീയതി 29.4.2000/12.5.2000 | 3,5,7,16 |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പിറ്റിഎ-പി7.9/2010 തീയതി 12.7.2010/29.7.2011 | എല്ലാ ഖണ്ഡികകളും |
| 1999-00 (ചെലവ്) | എൽ.എഫ്.പിറ്റിഎ-പി3.826/2002 തീയതി 9.6.2005/17.6.2005 | 9,18,19,21,28,29,30,32, 37,38,39,45,46,47,49, 50,53(1,2) |
| 2000-01 (ജ.ആ) | എൽ.എഫ്.പിറ്റിഎ-പി3.156/2004 തീയതി 18.5.2004/27.7.2004 | എല്ലാ ഖണ്ഡികകളും |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ-പി3.696/2005 തീയതി 8.2.2006/13.3.2006 | എല്ലാ ഖണ്ഡികകളും |
| 2001-02 | എൽ.എഫ്.പിറ്റിഎ-പി7.50/2010 തീയതി 4.10.2010/29.7.2011 | 1-1,1-2,1-3,1-4 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റിഎ-പി5.702/2006 തീയതി 17.3.2007/15.12.2007 | 2-6,2-7,2-8,2-9,2-11,2-12 2-18,2-19,2-24 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.പിറ്റിഎ-പി7.207/2009 തീയതി 27.2.2010/22.10.2011 | 2-1,2-8,3-1, 3-2,3-3,3-7, 3-10,3-14,3-17,3-18,3-19, 3-20,3-21,3-22,3-23, 3-24,3-25,3-26,3-2൭9 |
| 2004-05 | എൽ.എഫ്.പിറ്റിഎ-പി7.208/2009 തീയതി 15.2.2010/28.10.2011 | 3-1,3-2,3-3,3-4,3-5,3-6, 3-11,3-13,3-15 |
| 2005-06 | എൽ.എഫ്.പിറ്റിഎ-പി7.209/2009 തീയതി 27.2.2010/28.10.2011 | 1-2,3-1,3-4,3-6,3-7,3-9, 3-10,3-13,3-16 |
| 2006-07 | എൽ.എഫ്.പിറ്റിഎ-പി5.1097/2011 തീയതി 30.12.2011/1.4.2014 | 3-4 മുതൽ 3-7 വരെ |
| 2007-08 | എൽ.എഫ്.പിറ്റിഎ-പി5.1098/2011 തീയതി 30.12.2011/2.4.2014 | 1-1,3-1,3-2,3-13,3-15,3-17 |
| 2008-09 | എൽ.എഫ്.പിറ്റിഎ-പി5.1099/2011 തീയതി 2.1.2012/3.4.2014 | 3-2(എ-ഡി),3-5,3-6, 3-7,3-8,3-9 |
| 2009-10 | എൽ.എഫ്.പിറ്റിഎ-പി5.1100/2011 തീയതി 30.12.2012/3.4.2014 | 2-2(1,2),3-2,3-6,3-8, 3-20 |
| 2010-11& 2011-12 | എൽ.എഫ്.പിറ്റിഎ-പി8.801/2011 തീയതി 11.2.2014/8.8.2014 | 23 ഖണ്ഡികകൾ |
| 2012-13 | കെ.എസ്.എ.പിറ്റിഎ-പി8.276/2015 തീയതി 7.8.2015 | 2-2,2-4(2,3),2-5,3-1,3-2, 3-3 |
| 2013-14& 2014-15 | കെ.എസ്.എ.പിറ്റിഎ-പി8.115/2016 തീയതി 8.2.2016 | 2-1,2-2,2-5,2-6,2-7,3-3, 3-8,3-9,3-10,3-11,3-12, 3-14,3-15,3-17,3-19,3-23 |
| 2015-16 | കെഎസ്എ.പിറ്റിഎ-പി8.31/2017 തീയതി 31.1.2017 | 1-3,2-2,2-7,3-1,3-6,3-10, 3-15,3-18,3-19,3-22,3-23 |
| 2016-17 | കെഎസ്എ.പിറ്റിഎ-പി8.1039/2017 തീയതി 11.9.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെഎസ്എ.പിറ്റിഎ-പി3.1577/2018 തീയതി 5.1.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെഎസ്എ.പിറ്റിഎ-പി13.931/2019 തീയതി 2.12.2019 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെഎസ്എ.പിറ്റിഎ-പി8.419/2021 തീയതി 29.6.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്